## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1072 | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|

**വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഉറപ്പാക്കി പൊതുസ്ഥലത്തെ മലവിസർജ്ജനം ഒഴിവാക്കി രാജ്യത്തിന് മാതൃകയാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനം എന്നു നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കേരളപിറവി ദിനമായ 2016 നവംബർ 1ന് ഗ്രാമപ്രദേശങ്ങളുടെയും, 2017 മാർച്ച് 31ന് നഗര പ്രദേശങ്ങളുടെയും പ്രഖ്യാപനം നടത്തുവാനാണ് തീരുമാനിച്ചിട്ടുളളത്. |
| (സി) | ഇതിനോടനുബന്ധമായി ചെയ്തു തീർക്കാനുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ; | (സി) | ബേസ്ലൈൻ സർവ്വേയിലൂടെ ഗ്രാമപ്രദേശത്തെ കക്കൂസ് സൗകര്യം ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തുകയും അവർക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി ഒരോ ഗ്രാമപഞ്ചായത്തും തയ്യാറാക്കി ഡി.പി.സി അംഗീകാരം നേടുക, കക്കൂസ് നിർമ്മാണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി കക്കൂസ് നിർമ്മിക്കുന്നതിന് കൂടുതൽ ധനസഹായം അനുവദിക്കുക പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുക, 2016 ഒക്ടോബർ 2-ാം തീയതിയോടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും പൊതുസ്ഥലത്തെ വിസർജ്ജനം ഒഴിവാക്കുകയും നവംബർ 1 ന് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ പൊതുസ്ഥലത്തെ വിസർജ്ജനം ഒഴിവാക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. |
| (ഡി) | ഇതുവരെ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ഇതുവരെ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ കൊടുക്കുന്നു.<br>▪ വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി പ്രകാരമുള്ള സഹായം 93 നഗരസഭകളിലായി 42147 എണ്ണം ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ടോയ്ലറ്റ് പണിയുന്നതിനുള്ള കേന്ദ്ര സഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br>▪ ദുർഘട പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന തുക പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി |

അനുവദിച്ചു കൊണ്ടും അതിൻ പ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

- 115 ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി മുഖേന പ്രോജക്ട് എറ്റെടുത്ത് ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് നടപ്പിലാക്കി വരുന്നു.
- എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ലക്സും പണിയുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
- സർക്കാർ- സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.
- കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.
- കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും, കമ്മ്യൂണിറ്റി മൊബൈലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.
- World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സങ്കേതിക രീതികളിൽ മേസൺ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജല ദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്‌ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നുണ്ട്.
- മാധ്യമങ്ങളിൽ പരമാവധി പ്രചാരണം കിട്ടുന്നതിനും, കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.
- MSW, എഞ്ചിനീയറിംഗ് കോളജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ്മാരുടെ സേവനം ബോധവൽക്കരണ ക്ലാസുകൾ, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി വരുന്നു്.
- മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനതല പുരോഗതി അവലോകനം നടത്തി വരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുന്നതിന് 14 മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്.
- ചീഫ് സെക്രട്ടറിയും, പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തു വരുന്നുണ്ട്.
- ശുചിത്വ മിഷൻ തലത്തിലും സർക്കാർ തലത്തിലും ദൈനംദിനമുള്ള പുരോഗതി വിലയിരുത്തലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ